# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 349 — 23.01.2018 — ൽ മറുപടിക്ക്

## ഇ-പോസ് മെഷീനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ് : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കമ്പനിക്കാണ് ഇതിന്റെ കരാർ നൽകിയത്; | (എ) കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. M/s Linkwell Telesystems Pvt. Ltd. എന്ന കമ്പനിയുടെ മെഷീനാണ് സ്ഥാപിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത കമ്പനിയുടെ പ്രവൃത്തി പരിചയം വ്യക്തമാക്കുമോ; | (ബി) ആന്ധ്രാപ്രദേശ് സർക്കാരിന്റെ കീഴിൽ ഇ-പോസ്-ഉം, കെ.എസ്.ഇ.ബി.യുടെ സ്പോട്ട് ബില്ലിംഗ് സൊല്യൂഷൻ പ്രോജക്ടും പ്രസ്തുത കമ്പനിയാണ് നടപ്പിലാക്കിയത്. |
| (സി) കമ്പനിക്ക് കരാർ നൽകിയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ? | (സി) കേരള ഗവൺമെന്റിന്റെ ഇ-ടെണ്ടർ വെബ്സൈറ്റ് മുഖേന ടെണ്ടർ വിളിക്കുകയും ടെണ്ടറിൽ പങ്കെടുത്ത കമ്പനികളിൽ നിന്ന് പ്രീ-ക്വാളിഫിക്കേഷൻ ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി, ടെക്നിക്കൽ ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി, ഫിനാൻഷ്യൽ ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി എന്നിവയുടെ സൂക്ഷ്മ പരിശോധനക്ക് ശേഷം സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത്. |

*സെക്ഷൻ ഓഫീസർ*